# Kerala Hotel & Restaurant Association

**STATE COMMITTEE**

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035

Phone : 0484 2366602


സംസ്ഥാനതലവാർത്ത

12.3.2022

## പ്രസ്സ് റിലീസ്

## ചിക്കൻ, ഭക്ഷ്യ എണ്ണഉൾപ്പടെയുള്ള നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം – ഹോട്ടൽ വിഭവങ്ങൾക്ക് വിലവർദ്ധിപ്പിക്കേണ്ടിവരും – കെ.എച്ച്.ആർ.എ.

സംസ്ഥാനത്ത് ചിക്കനും, ഭക്ഷ്യ എണ്ണയ്ക്കും, പലവ്യഞ്ജനം അടക്കമുള്ള നിത്യോപയോഗസാധനങ്ങൾക്കും വിലകുതിച്ചുയർന്നിട്ടും സർക്കാർ വേണ്ടരീതിയിൽ ഇടപെടാത്തതിൽ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രതിഷേധം രേഖപ്പെടുത്തി. വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണിയിലിടപെട്ട് നടപടികൾ സ്വീകരിക്കേണ്ട സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഹോട്ടലുടമകൾക്കെതിരെ പ്രതികാരമനോഭാവത്തോടെ നടപടികളെടുക്കുന്നത് അവസാനിപ്പിക്കണം. ചിക്കന്റെ വില ഒരു മാസത്തിനിടെ ഇരട്ടിയോളമാണ് വർദ്ധിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ചിക്കൻ വിപണി നിയന്ത്രിക്കുന്ന തമിഴ്നാട്ടിലെ ഒരു മൊത്തവിതരണക്കാരന്റെ ലാഭക്കൊതിയാണ് സംസ്ഥാനത്തെ ചിക്കൻവിലവർദ്ധനവിന് കാരണം. അന്യസംസ്ഥാന ലോബികളുടെ ലാഭക്കൊതിക്കെതിരെ ചെറുവിരലനക്കാതെ ഹോട്ടലുടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനാണ് സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർ ഉത്സാഹിക്കുന്നത്. ചിക്കനെക്കൂടാതെ ഭക്ഷ്യഎണ്ണയ്ക്കും, പരിപ്പ്, പയർ അടക്കമുള്ള പലവ്യഞ്ജനങ്ങൾക്കും വലിയതോതിലാണ് വിലകുതിച്ചുയരുന്നത്. ഹോട്ടലുകൾക്ക് പ്രവർത്തനചെലവുപോലും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിലക്കയറ്റം ഈ രീതിയിൽ തുടരുകയാണെങ്കിൽ ഹോട്ടൽ വിഭവങ്ങൾക്ക് വിലവർദ്ധിപ്പിക്കാതെ ഹോട്ടലുകൾക്ക് പിടിച്ചുനിൽക്കാനാവില്ല. ചിക്കന്റെ വില നിയന്ത്രിക്കുവാൻ ചിക്കൻലോബി തയ്യാറായില്ലെങ്കിൽ സംസ്ഥാനത്തെ ചിക്കൻ വിപണിയുടെ 75 ശതമാനത്തോളം വരുന്ന ഉപഭോക്താക്കളായ ഹോട്ടൽ മേഖല ചിക്കൻ വിഭവങ്ങൾ ബഹിഷ്ക്കരിക്കുവാൻ തീരുമാനമെടുക്കേണ്ടിവരുമെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് ജി. ജയപാലും സംസ്ഥാന ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാളും മുന്നറിയിപ്പ് നൽകി.

**ജി. ജയപാൽ**
പ്രസിഡന്റ്
9544844446

**കെ. പി. ബാലകൃഷ്ണ പൊതുവാൾ**
ജനറൽ സെക്രട്ടറി
9447704934